# US PROFILES



## ജോസഫ് ഔസോ

emalayalee.com

# പ്രായം വെറുമൊരു സംഖ്യ; മനസ്സുകൊണ്ടെന്നും ചെറുപ്പം: ജോസഫ് ഔസോ

മീട്ടു റഹ്മത്ത് കലാം


അമേരിക്കൻ ബോയിങ് കമ്പനിയിൽ ക്വാളിറ്റി കൺട്രോൾ എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ജോസഫ് ഔസോയേക്കാൾ, ചിരിച്ച മുഖവുമായി ഊർജ്ജസ്വലനായി ഓടിനടക്കുന്ന ഔസോച്ചായനെയാണ് അമേരിക്കൻ മലയാളികൾക്ക് കൂടുതൽ പരിചയം. സംഘടനാപ്രവർത്തനങ്ങൾക്കായാലും കലാ-അനുബന്ധ പരിപാടികൾക്കായാലും, മൂത്ത കാരണവരുടെ കസേര വലിച്ചിട്ടുകൊടുക്കുമ്പോഴും യുവാക്കളെ വെല്ലുന്ന പ്രസരിപ്പോടെ



ഏവരെയും ഞെട്ടിക്കുന്നതാണ് ഔസോച്ചായന്റെ ശീലം. ഓണക്കാലത്ത് മാവേലിമന്നനായും ക്രിസ്മസ് സമയത്ത് സാന്താ ക്ലോസായും ലാലേട്ടന്റെ എനർജി ലെവലിൽ പുലിമുരുകനായും വേഷമിടാൻ ഈ എഴുപത്തിയെട്ടാം വയസ്സിലും അനായാസം സാധിക്കുന്നത്, സഹധർമ്മിണിയും ഫോമാ വിമൻസ് ചെയറുമായ സുജാ ഔസോയുടെ പിന്തുണകൊണ്ടാണെന്ന് അദ്ദേഹം തുറന്നുപറയും. ജീവിതത്തിന്റെ ഓരോ നിമിഷവും പൂർണമായി ആസ്വദിക്കുന്നതോടൊപ്പം, കഷ്ടപ്പെടുന്നവർക്ക് കൈത്താങ്ങാകുന്നതിലും ഈ ദമ്പതികൾ മുന്നി



ലാണ്. ഫോമായുടെ ഹൗസിങ് പ്രൊജക്റ്റിന്റെ ചെയർമാനായ ജോസഫ് ഔസോ, 79 വീടുകൾ കേരളത്തിൽ വച്ച് കൊടുക്കാൻ സാധിച്ചതാണ് ജീവിതത്തിലെ ധന്യതയായി കാണുന്നത്. ഫോമാവില്ലേജിന്റെ ചെയർമാനും കോർഡിനേറ്ററുമായി പ്രവർത്തിച്ചിട്ടുള്ള ഔസോ,  വാലി മലയാളി






അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (വി എം എ എസ് ഇ),കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (കല), ഒരുമ, ഇൻലൻഡ് എമ്പയർ മലയാളി അസോസോയിയേഷൻ(ഐഇഎംഎ) എന്നിങ്ങനെ നിരവധി സംഘടനകളുടെ ഭാഗമായിക്കൊണ്ട് അമേരിക്കയ്ക്കകത്തും പുറത്തുമുള്ള മലയാളികൾക്കായി ഒട്ടേറെ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

**കേരളത്തിൽ വൈപ്പിൻ പോലെ തികച്ചും ഗ്രാമീണമായ സാഹചര്യത്തിൽ വളർന്ന താങ്കൾക്ക്, അമേരിക്കയിലെ ജീവിതവുമായി പൊരുത്തപ്പെടാൻ ഏതെങ്കിലും ഘട്ടത്തിൽ ബുദ്ധിമുട്ട് തോന്നിയിരുന്നോ?**

ഗ്രാമത്തിന്റെ നന്മകളാൽ സമ്പന്നമായ വൈപ്പിനിലെ നായരമ്പലം എന്ന സ്ഥലത്താണ് ഞാൻ ജനിച്ചതും വളർന്നതും. ബെന്നി പി നായരമ്പലം കസിനാണ്. തൊട്ടടുത്താണ് വീട്. ഞാറക്കൽ ഹൈസ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, കളമശ്ശേരി ലിറ്റിൽ ഫ്ലവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡിപ്ലോമ ചെയ്തു. പഠിത്തം കഴിഞ്ഞ് ഞാൻ ഡൽഹിക്ക് പോയി. അവിടെ രാജദൂത് മോട്ടോർബൈക്ക് ഒക്കെ ഉണ്ടാക്കുന്ന എസ്കോർട്സ് എന്ന കമ്പനിയിൽ ക്വാളിറ്റി കണ്ട്രോൾ എൻജിനീയറായി ജോലി ചെയ്തു.1972 ൽ ഡൽഹിയിൽ വച്ചായിരുന്നു ആദ്യവിവാഹം. ആറുമാസം കഴിഞ്ഞ് ഞങ്ങൾ ന്യൂയോർക്കിൽ എത്തി .ന്യൂയോർക്ക് ജീവിതം വളരെ ഭംഗിയായിരുന്നു. പക്ഷേ തണുപ്പ് അസഹനീയമായി തോന്നി. റീലൊക്കേറ്റ് ചെയ്യാൻ വേണ്ടിയിട്ട് പല സ്ഥലങ്ങളിലും യാത്ര ചെയ്യുമായിരുന്നു. ടെക്സസ് ,അലബാമ, ഒക്കലഹാമ ഇങ്ങനെ പല സ്ഥലങ്ങളിൽ കറങ്ങി ഒടുവിൽ 1980ൽ കാലിഫോർണിയയിൽ ഒരാഴ്ച വെക്കേഷൻ ചിലവിടാൻ വന്നു. വളരെ പ്രകൃതി രമണീയമായ സ്ഥലം .12 മാസം സൂര്യപ്രകാശമുള്ള ലോസ്ആഞ്ചലസിൽ




വീട് വാങ്ങിച്ചു.നമ്മുടെ കേരളം പോലെ തന്നെ മരങ്ങളും വാഴയും പല പല കൃഷിയും ഒക്കെ ഉള്ള ഒരു സ്ഥലമാണ് കാലിഫോർണിയ. മലനിരകളും സുന്ദരമാണ്.ഹോളിവുഡ് സ്ഥിതിചെയ്യുന്നു എന്നതും പ്രത്യേക അട്രാക്ഷൻ ആയിരുന്നു .നമ്മുടെ മൂന്നാറു പോലെയും ഊട്ടി പോലെയും ഒത്തിരി പച്ചപ്പ് നിറഞ്ഞ കാലിഫോർണിയയുമായി വേഗം തന്നെ മനസ്സ് ഇണങ്ങി.

**താങ്കൾ മുഖേന ഒരുപാട് കുടുംബങ്ങൾ കേരളത്തിൽ നിന്ന് അമേരിക്കയിൽ എത്തിയിട്ടുണ്ടല്ലോ?**

ആദ്യ ഭാര്യ ആർമിയിലെ നഴ്സ് ആയിരുന്നു .ആർമി ഹോസ്പിറ്റലിൽ 34 വർഷത്തോളം ജോലി ചെയ്തിരുന്നു.എന്റെ ഫാമിലിയെയും വൈഫിന്റെ ഫാമിലിയെയും ഒരു പത്തു നാൽപ്പത് ഫാമിലികളെയും അമേരിക്കയിലേക്ക്



കൊണ്ടുവരാൻ സാധിച്ചു. എമിഗ്രന്റ് ആയിട്ട് വന്നു കഴിഞ്ഞാൽ അവർക്ക് ജോലി, താമസസ്ഥലം, കാർ എല്ലാം റെഡിയാക്കി വക്കുന്നത് ഞാനായിരുന്നു. ബോയിങ് എയർ ക്രാഫ്റ്റിന്റെ ക്വളിറ്റി കൺട്രോൾ എഞ്ചിനീയറായിരുന്നതുകൊണ്ട്,ഒത്തിരി പേരെ ഞാൻ ജോലി ചെയ്യുന്ന സ്ഥലത്ത് കൊണ്ട് വരികയും, അവർക്ക് ജോലി വാങ്ങിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് കൂടാതെ അവരെയെല്ലാം ഓരോരോ ട്രേഡുകളിൽ സ്കൂളിലേക്ക് വിട്ട് പഠിപ്പിച്ചു . അതിൽ പകുതിയോളം ആൾക്കാർ ഹൂസ്റ്റണിലേക്ക് പോയി. അവിടെ പ്രോപ്പർട്ടിക്ക് വില കുറഞ്ഞത് കൊണ്ട് മൂവ് ചെയ്തതാണ്. ഒരാൾക്ക് ധനസഹായം കൊടുക്കുന്നത് താൽക്കാലികമായ കൈത്താങ്ങാണ്, ജോലി ശരിയാക്കി കൊടുത്താൽ ആ കുടുംബം കരകയറും.



**ആദ്യഭാര്യയുടെ മരണം?മക്കൾ?**

2011 ൽ അവൾക്ക് ക്യാൻസർ വന്നു. അതിൽ നിന്ന് മോചിതയായി 5 വർഷങ്ങൾ കൂടി ജീവിച്ചു. വീണ്ടും രോഗം പിടിമുറുക്കി. കീഴടങ്ങാതെ മറ്റ് വഴിയില്ലായിരുന്നു.എനിക്ക് മൂന്ന് മക്കളാണ് . ഒരാൾ ഡോ.ബിനോയ് , ബിനോയുടെ ഭാര്യ ജിസ ജോസഫ് . മൂത്ത മകൾ ബിന്ദു സേവ്യർ- രണ്ടു മക്കൾ. രണ്ടു പേരക്കുട്ടികൾ കോളേജിൽ പഠിക്കുന്നു . ഇളയ മകൾ ബ്രണ്ട എൻബിസി ചാനൽ ഫോണിലെ ആങ്കർ ആയിരുന്നു, ഇപ്പോൾ വാഷിംഗ്ടൺ ഡിസിയിൽ വൈറ്റ് ഹൗസ് സംബന്ധമായ ജോലി ചെയ്യുന്നു .

**സംഘടനാ പ്രവർത്തനങ്ങളുടെ തുടക്കം ?**

ഡൽഹിയിൽ ജീവിച്ച സമയത്ത് അവിടത്തെ മലയാളി അസോസിയേഷന്റെ പ്രസിഡന്റ് ആയിരുന്നു. ന്യൂയോർക്കിൽ വന്നപ്പോൾ ന്യൂയോർക്ക് മലയാളി അസോസിയേഷൻ സെക്രട്ടറി ആയി. പിന്നീട് കാലിഫോർണിയയിൽ പല സംഘടനകളുടെയും പ്രസിഡൻറും സെക്രട്ടറിയുമായി പ്രവർത്തിച്ചിട്ടുണ്ട്.നാലുവർഷം കേരളാ അസോസോയിയേഷൻ ഓഫ് ലോസ് ആഞ്ചലസിന്റെ(കല) പ്രസിഡന്റ് ആയിരുന്നു. 2000 ൽ കളത്തിൽ പാപ്പച്ചൻ പ്രസിഡന്റ് ആയിരിക്കുന്ന സമയത്ത് സാൻഫ്രാൻസിസ്കോയിൽ വച്ച് നടന്ന ഫൊക്കാന കൺവെൻഷന്റെ വൈസ് ചെയർമാൻ ആയിരുന്നു. ഫോമയുടെ സ്ഥാപകനേതാവാണ് . ജോൺ ടൈറ്റസ് പ്രസിഡന്റ് ആയിരിക്കുമ്പോൾ 2006 -07 ഞാൻ നാഷണൽ ട്രഷറർ ആയിരുന്നു .

**പിന്നീട് കൺവെൻഷനിൽ വച്ച് നടന്ന വിവാഹത്തെക്കുറിച്ച്?**

പത്മ ഭൂഷൺ പുരസ്കാരജേതാവായ പ്രമുഖ മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ ടി.






ജെ. എസ്. ജോർജിന്റെ സഹോദരപുത്രിയാണ് സുജ.

2012 ൽ ന്യുയോർക്കിൽ നിന്ന് കാനഡയിലേക്ക് പോയ കാർണിവൽ ഗ്ലോറിയിൽ വച്ചാണ് സുജ എന്റെ ജീവിതസഖിയാകുന്നത്. അങ്ങനൊരു വിവാഹം മുൻപ് നടന്നിട്ടില്ല.

**അഭിനേതാവ് കൂടിയാണല്ലോ?**



പല ഇംഗ്ലീഷ് മലയാളം ഹിന്ദി സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. റീമാ കല്ലിങ്കൽ എന്റെ മകളായി വേഷമിട്ട പുരാനാ ദിൻ (പഴയ ദിനങ്ങൾ)എന്ന ഹിന്ദി ചിത്രത്തിൽ അതിന്റെ ഡയറക്ടർ ആർ ശരത്ത് കാസ്റ്റ് ചെയ്തപ്പോൾ ഒരു കൈ നോക്കാമെന്ന് തോന്നി . പിന്നെ ഹൗ ഓൾഡ് ആർ യു എന്ന മലയാളം സിനിമയിൽ , ഐ ആർ എസ് ഓഫീസറായി വേഷമിട്ടു . പിന്നെ നൂറിൽ ഒന്ന് എന്ന സിനിമയിൽ പള്ളിയിലച്ചനായിട്ടും കാമസൂത്ര ഗാർഡൻ എന്ന ഇംഗ്ലീഷ് മൂവിയിൽ ഡ്രഗ്ഗ് ഡീലറായിട്ടും അഭിനയിച്ചു .ഫ്ലോറിഡയിൽ വച്ചായിരുന്നു അതിന്റെ ചിത്രീകരണം.

**മറ്റു കലാഭിരുചികൾ ?**

നല്ലൊരു കുക്ക് ആണ്. എല്ലാ തരത്തിലുമുള്ള പാചകവും ആസ്വദിച്ച് ചെയ്യും. ഫിഷ്- മീറ്റ്- വെജിറ്റബിൾ അങ്ങനെ എന്തുണ്ടാക്കിയാലും രുചിയാണ്. ഫിഷ്കറി , ചെമ്മീൻ വരട്ടിയത് , ക്രാബ് എന്നിവയ്ക്കാണ് ഏറ്റവും കൂടുതൽ അപ്രീസിയേഷൻ കിട്ടിയിട്ടുള്ളത്.വൈപ്പിൻ എന്ന് പറയുമ്പോൾ മനസ്സിൽ വരുന്നതും മീൻ വിഭവങ്ങൾ ആണല്ലോ...

രൂപ സാദൃശ്യം കൊണ്ടാകാം,എല്ലാ ഓണത്തിനും മാവേലി ആകും . എല്ലാ വർഷവും നമ്മുടെ പ്രജകളെ വന്നു കാണുന്ന രാജാവിന്റെ സന്തോഷത്തിൽ , സ്റ്റേജിൽ കയറി പ്രസംഗിക്കും . സാന്താക്ലോസ് ആയും വേഷമിട്ടിട്ടുണ്ട് . മോഹൻലാലിന്റെ പുലി മുരുകൻ ആയി സ്റ്റേജുകളിൽ അഭിനയിച്ചതിന് കയ്യടി ലഭിച്ചിട്ടുണ്ട്. അല്പം വരയ്ക്കുന്ന ആളാണ് . പ്രകൃതി ഭംഗിയും ആളുകളുടെ പടങ്ങളും ഒക്കെ ക്യാൻവാസിൽ പകർത്തും .ആർട്ടിസ്റ്റ് ആയിട്ടുള്ള ഒരു പ്രവർത്തനം എന്റെ മനസ്സിൽ ഉണ്ടായിരുന്നു . സഹോദരങ്ങളും അങ്ങനെ തന്നെ. എന്റെ മകൻ എം ടിവി വിജെ ആയിട്ട് തിരഞ്ഞെടുക്കപ്പെട്ടതാണ്. മക്കൾ എല്ലാം നല്ല പാട്ടുകാരാണ് .

**താങ്കൾ പാടുമോ ?**

ഇല്ല. ഞാൻ കലയുടെ പ്രസിഡന്റ് ആയിരുന്ന സമയത്ത് എംജി ശ്രീകുമാർ ഇവിടെ ഒരു പരിപാടി അവതരിപ്പിച്ചപ്പോൾ എന്നോട് കൂടെ പാടുമോ എന്ന് ചോദിച്ചപ്പോൾ ആടാമെന്നായി ഞാൻ.അങ്ങനെ അദ്ദേഹത്തിന്റെ പാട്ടിന് ചുവടുവച്ചു.






**നിലവിലെ സംഘടനാപ്രവർത്തനങ്ങൾ?**

4 അസോസിയേഷനുകളിൽ ഉണ്ട്. ഫോമയുടെ ലീഡറാണ് . കൂടാതെ ഹൗസിങ് പ്രജക്റ്റിന്റെ ചെയർമാനാണ് . ഇന്നേ വരെയുള്ള ജീവിതത്തിൽ 79 വീടുകൾ കേരളത്തിൽ വച്ച് കൊടുക്കാൻ സാധിച്ചു. ഫോമാവില്ലേജിന്റെ ചെയർമാനും കോർഡിനേറ്ററും ഒക്കെ ആയിരുന്നു. കൂടാതെ ഹൗസ് ഇൻ വൈപ്പിൻ, ഹൗസ് ഇൻ മലപ്പുറം എന്നിവയിലും പ്രവർത്തിക്കുന്നു. വാലി മലയാളി അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (വി എം എ എസ് ഇ), കല , ഒരുമ, ഐ ഇ എം എ (ഇൻലൻഡ് എമ്പയർ മലയാളി അസോസോയിയേഷൻ)തുടങ്ങിയ സംഘടനകളിൽ സജീവമാണ് .







**എത്രാമത്തെ പിറന്നാളിന്റെ ആഘോഷമാണ് അടുത്തിടെ നടന്നത് ?**

ചുമ്മാ 78 . ചെറുപ്പക്കാർക്കുള്ള ഒരു പ്രചോദനം എന്നുള്ള നിലയിലാണ് എന്റെ ജീവിതം .എന്നും ചെറുപ്പക്കാരുടെ കൂടെയാണ് .ദിവസവും അഞ്ച് മൈൽ ഓടുന്നതാണ് ആരോഗ്യരഹസ്യം.

**സുജാ ഔസോയിൽ കാണുന്ന ഗുണങ്ങൾ ?**

ഭാര്യ സുജാ ഔസോ ഫോമാ വിമൻസ് ഫോറത്തിന്റെ ചെയർ പേഴ്‌സണാണ്.അവളാണ് എല്ലാത്തിനുമുള്ള പിന്തുണ നൽകുന്നത്.മാവേലി ആകാനും സാന്താക്‌ളോസ് ആകാനും പുലിമുരുകൻ ആകാനും എല്ലാത്തിന്റെയും വേഷങ്ങൾ ധരിപ്പിക്കുന്നത് സുജയാണ് . നല്ലൊരു കലാകാരിയാണ്,നർത്തകിയാണ്.ഒത്തിരി പാവങ്ങളെ ഹെല്പ് ചെയ്തിട്ടുണ്ട് . നാട്ടിൽ 50 പിള്ളേർക്ക് 50000 രൂപ വച്ച് സ്കോളർഷിപ്പ് നൽകിയത് ഇവർ 7 സ്ത്രീകൾ ചേർന്നാണ്.

**ചാരിറ്റി പ്രവർത്തനങ്ങളിൽ താങ്കളും തല്പരനാണല്ലോ ?**

ചെറുപ്പം മുതലേ കാരണവന്മാർ പഠിപ്പിച്ചത് അങ്ങനെയാണ് . 3 മാസം മുൻപ് മജീഷ്യൻ ഗോപിനാഥ് മുതുകാട് സാർ ഇവിടെ വന്നിരുന്നു . ഞങ്ങൾ ഒരു കൂട്ടം ആളുകൾ ചേർന്ന് ഫണ്ട് റെയിസ് ചെയ്തു.അദ്ദേഹം ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി നടത്തുന്ന മാജിക് പ്ലാനറ്റിന് 120000 ഡോളർ പിരിച്ചു കൊടുത്തു.അടുത്ത വർഷം അവിടെനിന്നുള്ള പത്തോ ഇരുപതോ ടാലന്റ്ഡ് പിള്ളേരെ ഹോളിവുഡിൽ കൊണ്ട് വരുന്നുണ്ട് . അത് ഞങ്ങൾ ചെയ്തിരിക്കും .

**താങ്കളുടെ സക്സസ് മന്ത്ര ?**

ബി ഹാപ്പി ആൻഡ് മേക്ക് അദേഴ്‌സ് ഹാപ്പി .മറ്റുള്ളവരെ സഹായിച്ചാൽ അതിന്റെ ഒരു പ്രതിഫലനം ജീവിതത്തിൽ ഉണ്ടാകും.

emalayalee.com